LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാര രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പദ്ധതി

*24[354]ശ്രീ. ടി. പി. രാമകൃഷ്ണൻ:
ഡോ. തോമസ് ഐസക്:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വകാര്യ സംരംഭകരുടെ പങ്കാളിത്തത്തോടെ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ടൂറിസം വികസനത്തിനായി ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ എന്തെങ്കിലും പദ്ധതിയുടെ കാര്യത്തിൽ ധാരണയായിട്ടുണ്ടോ;

(സി) ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ ധാരണാപത്രത്തിൽ ഒപ്പിട്ട പദ്ധതികൾ ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ; ഏതെല്ലാം പദ്ധതികളുടെ ഫീസിബിലിറ്റി സ്റ്റഡീസാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവയിൽ ടെണ്ടർ നടപടി ക്രമങ്ങളിലൂടെ സംരംഭകരെ തീരുമാനിക്കേണ്ട പദ്ധതികൾ ഉണ്ടോ;

(ഇ) ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട എത്ര ടൂറിസം പദ്ധതികൾ ഇതിനകം നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഉണ്ട്. വിശദാംശം † അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

(ബി) ഉണ്ട്. † (അനുബന്ധം II(എ) കാണുക)

(സി) അമ്യൂസ്മെന്റ് പാർക്ക്, വേളി—വേളി ടൂറിസ്റ്റ് വില്ലേജിന് സമീപം അന്താരാഷ്ട്ര നിലവാരമുള്ള ഒരു അമ്യൂസ്മെന്റ് പാർക്ക് സ്ഥാപിക്കാൻ അബുദാബിയിൽ ആസ്ഥാനമുള്ള സതേൺ ഫൺ സിറ്റി.-യുമായി ധാരണയായിട്ടുണ്ട്. നടപടികൾ പുരോഗമിച്ചുവരുന്നു. മറ്റു പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി പ്രാവർത്തികമാക്കാൻ ശ്രമിച്ചുവരുന്നു.

† അനുബന്ധം II, II(എ)

(ഡി) സർക്കാർ സ്ഥലം കൈമാറണമെങ്കിൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്.

(ഇ) പദ്ധതികളെല്ലാം നടപ്പിലാക്കി വരുന്നതേയുള്ളൂ.

ഇലക്ട്രിസിറ്റി ബോർഡിന് പുതിയ പ്രോജക്ടുകൾ ആരംഭിക്കുവാൻ വിദേശ സഹായം

*25[355] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇലക്ട്രിസിറ്റി ബോർഡിന് ആഗോള നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏതെങ്കിലും പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) സ്വകാര്യ നിക്ഷേപകർ ഏറ്റെടുക്കാത്ത ഏതെല്ലാം പദ്ധതികൾക്കാണ് ഇലക്ട്രിസിറ്റി ബോർഡ് പണം ചെലവഴിച്ചിട്ടുള്ളത്; പ്രസ്തുത പദ്ധതികൾ ഏതെല്ലാമാണ്;

(സി) പുതിയ പ്രോജക്ടുകൾ ആരംഭിക്കുവാൻ വിദേശസഹായം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പുതിയ പ്രോജക്ടുകൾക്കാണ് വിദേശ സഹായം ലഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഏതെല്ലാം വിദേശ രാജ്യങ്ങളിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) സ്വകാര്യ മേഖലയിൽ അഞ്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ എട്ട് പദ്ധതികൾ പരിഗണനയിലാണ്.

(ബി) നേര്യമംഗലം എക്സ്റ്റൻഷൻ പ്രോജക്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[6-2-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *24(354)-ന്റെ ഉത്തരം ദയവായി കാണുക]

1. അമ്യൂസ്മെന്റ് പാർക്ക്, വേളി.
2. റോപ് വേ, വേളി.
3. തെന്മല റിസോർട്ട്.
4. ഫാമിലി എന്റർടൈൻമെന്റ് സെന്റർ.
5. കട്ടമരം സർവ്വീസ്.
6. ടൂറിസം പ്രോജക്ട്, ബേക്കൽ.
7. എയർപോർട്ട്, കണ്ണൂർ.
8. വാഗമൺ ഹോളിസ്റ്റിക് ടൂറിസം ആന്റ് എഡ്യൂക്കേഷൺ പ്രോജക്ട്.
9. മുത്തൂറ്റ് എയർപോർട്ട് ഹോട്ടൽ ആന്റ് ഫ്ളൈറ്റ് കിച്ചൻ കൊച്ചി.
10. എയർ ടാക്സി സർവ്വീസ്.
11. ഗോൾഫ് കോഴ്സ്, എറണാകുളം.
12. മറീനാ ബോൾഗാട്ടി.
13. മട്ടാഞ്ചേരിയിലെ ഹെറിറ്റേജ്ബ്രിഡ്ജിന്റെ പുനരുദ്ധാരണം.
14. തൃപ്പൂണിത്തുറയിലെ എഡ്യൂട്ടയിൻമെന്റ് കോംപ്ലക്സ്.
15. ഡ്രീം സിറ്റി, കോഴിക്കോട്.
16. വാഗമണിൽ വിവിധ ടൂറിസം പ്രോജക്ടുകൾ.
17. ആക്കുളം കൺവെൻഷൻ സെന്റർ.
18. തീരപഥം, തിരുവനന്തപുരം.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II(എ)

[6-2-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *24(354)-ന്റെ ഉത്തരം ദയവായി കാണുക]

Department of Tourism Global Investors Meet

LIST OF INVESTORS

Sl. No.	*Name of Project*	*Undertaking Agency*	*Estimated Project Cost in crores*
1	Amusement Park at Veli	SFC Group Abhu Dhabi	30.00
2	Rope Way at Veli	SFC Group Abhu Dhabi	20.00
3	Thenmala Resort	SFC Group Abhu Dhabi	10.00
4	Family Entertainment Centre	SFC Group Abhu Dhabi	45.00
5	Catamaran Service between Cochin and Mangalore during tourist season	M/s Surya Reisedienst, Germany	50.00
6	Tourism Project at Bekal	M/s Leela Scottish Lace (P) Ltd.	100.00
7	Airport at Kannur	M/s Leela Scottish Lace (P) Ltd.	500.00
8	Vagamon Holistic Tourism and Education Project	M/s Inheritance India, Mumbai	50.00
9	Muthoot Airport Hotel and Flight Kitchen Kochi	Muthoot Hotels and Tourism Ventures (Pvt.) Ltd.	30.00
10	Air Taxi Service to various Tourist destinations in Kerala and Lakshadweep from Cochin	M/s Seabird charters and Holiday (P) Ltd.	10.00
	Total		**845.00**

LIBRARY ARCHIVES Kerala Legislative Assembly